(ഡി) കാലപ്പഴക്കം മൂലമാണ് ഷട്ടർ കേടായതെന്നാണ് പ്രാഥമിക നിഗമനം. ആരുടെ പേരിലും നടപടിയെടുത്തിട്ടില്ല.

(ഇ) കേടായ ഷട്ടറിന്റെ സ്ഥാനത്ത് ബദൽ ഷട്ടർ സ്ഥാപിച്ച് വെള്ളം സംഭരിച്ചുവരുന്നു.

കുറ്റ്യാടി ജലസേചന പദ്ധതി

102 (552) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കുറ്റ്യാടി ജലസേചനപദ്ധതിയുടെ ഭാഗമായി നിർമ്മിച്ച കൈക്കനാലുകളും മറ്റും കാലപ്പഴക്കം ചെന്നതിന്റെ ഫലമായി പല അക്വഡക്റ്റുകളും കോൺക്രീറ്റ് സ്ലാബുകളും തകർച്ചയുടെ വക്കിലാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഉണ്ട്. കുറ്റ്യാടി പദ്ധതിയുടെ നവീകരണത്തിനായി മലബാർ ഇറിഗേഷൻ പാക്കേജിൽ രണ്ടാം ഘട്ടമായി പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

ചെറുപുഴ ചെക്ക്ഡാമിന് സാങ്കേതികാനുമതി

103 (553) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃക്കരിപ്പൂർ മണ്ഡലത്തിലെ കണ്ണൂർ ജില്ലയിൽപ്പെട്ട ചെറുപുഴ 'Ventel Check Dam-cum-Tractorway' നിർമ്മാണത്തിനായി ഡിസൈൻ, ഡീറ്റയിൽഡ് എസ്റ്റിമേറ്റ്സ് എന്നിവ പൂർത്തീകരിക്കുകയും ഇതിനാവശ്യമായ ഒരു കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടും സാങ്കേതികാനുമതി നൽകാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

തൃക്കരിപ്പൂർ മണ്ഡത്തിലെ ചെറുപുഴ ചെക്ക്ഡാമിന്റെ നിർമ്മാണം നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ഏറ്റെടുക്കുന്നതിനായി ബഡ്ജറ്റിൽ 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി നബാർഡിന്റെ RIDF XIII-ൽ അംഗീകരിക്കപ്പെട്ടതാണ്. എന്നാൽ, സ്ഥലപരിശോധന നടത്തി ഡിസൈൻ തയ്യാറാക്കുന്നതിനായി കാലതാമസം നേരിട്ടതിനാൽ നബാർഡിന്റെ RIDF XIII-ൽ ഏറ്റെടുക്കുവാൻ സാധിച്ചില്ല. തുടർന്ന് RIDF XVI-ൽ ഈ പദ്ധതി ഏറ്റെടുക്കുവാൻ കഴിയുമോ എന്നകാര്യം സർക്കാർ പരിശോധിച്ച് വരുന്നു.

വയനാട് ജില്ലയിൽ നടപ്പിലാക്കിയ വികസന പ്രവൃത്തികൾ

104 (554) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) വയനാട് ജില്ലയിൽ ഈ സർക്കാരിന്റെകാലത്ത് ജലവിഭവവകുപ്പ് നടപ്പിലാക്കിയ വികസനപ്രവൃത്തികൾ ഏതെല്ലാമാണെന്നും, ആയതിന് ചെലവഴിച്ച തുക എത്രയാണെന്നും മണ്ഡലവും വർഷവും തിരിച്ച് വിശദമാക്കുമോ ;

(ബി) ചെറുകിടജലസേചനവകുപ്പ് ജില്ലയിലെ ഓരോ മണ്ഡലത്തിലും ഈ സർക്കാരിന്റെകാലത്ത് നടത്തിയ വികസനപദ്ധതികളും അവയുടെ തുകയും വ്യക്തമാക്കുമോ ?

ഉത്തരം

(എ) (1) ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും), ചീഫ് എഞ്ചിനീയർ, കാവേരി സെൽ, കൽപ്പറ്റ, എന്നിവരുടെ കീഴിൽ നടപ്പിലാക്കിയ വികസന പ്രവർത്തികളെ സംബന്ധിച്ച മറുപടി യഥാക്രമം അനുബന്ധം-I, IV, എന്നിവിടങ്ങളിൽ ചേർത്തിട്ടുണ്ട്.*

ഭൂജല വകുപ്പിനെ സംബന്ധിച്ചും കേരള വാട്ടർ അതോറിറ്റിയെ സംബന്ധിച്ചുമുള്ള മറുപടി അനുബന്ധം II, III-എന്നിവിടങ്ങളിൽ ചേർത്തിട്ടുണ്ട്.*

ചീഫ് എഞ്ചിനീയറുടെ (ഐ.ഡി.ആർ.ബി.) കീഴിൽ വയനാട് ജില്ലയിൽ നടപ്പിലാക്കിയ വികസന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു :

(i) കാക്കവയൽ റിവർഗേജ് സ്റ്റേഷൻ Re-installing Damaged Gauge post കല്പറ്റ പഞ്ചായത്ത്—2008 വർഷം—തുക 60,000

(ii) മാനന്തവാടി റിവർഗേജ് സ്റ്റേഷൻ Re-installing Damaged Gauge post and velocity post—മാനന്തവാടി പഞ്ചായത്ത്—2009 വർഷം—തുക 1,00,000

(3) കേലോത്ത് കടവ് Re-installation of Collapsed cable-മാനന്തവാടി പഞ്ചായത്ത്—2010 വർഷം-തുക. 1,60,000

(4) കേലോത്ത് കടവ് റിവർഗേജ് സ്റ്റേഷൻ— Side protection-മാനന്തവാടി പഞ്ചായത്ത്-2010 വർഷം-തുക 8,70,000

ജലനിധിയുടെ കീഴിൽ വയനാട് ജില്ലയിൽ നടപ്പിലാക്കിയ വികസന പ്രവൃത്തികൾ ഇപ്രകാരമാണ്. തിരുനെല്ലി പഞ്ചായത്തിൽ (വടക്കെ വയനാട് മണ്ഡലം) പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ ഉൾപ്പെടെ 59 ഗുണഭോക്തൃ സമിതികളിലായി 3010 കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്.

നെന്മേനി ഗ്രാമപഞ്ചായത്തിൽ (സുൽത്താൻ ബത്തേരി മണ്ഡലം) 63 ഗുണഭോക്തൃ സമിതികളിലായി 3458 കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്.

തിരുനെല്ലി പഞ്ചായത്തിൽ 4.40 കോടി രൂപയും നെന്മേനി പഞ്ചായത്തിൽ 4.33 കോടി രൂപയും കുടിവെള്ള പദ്ധതികൾ സ്ഥാപിക്കുന്നതിനുവേണ്ടി ചെലവായിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും), ചീഫ് എഞ്ചിനീയർ, കാവേരി സെൽ, കല്പ്പറ്റ, എന്നിവരുടെ കീഴിൽ നടപ്പിലാക്കിയ ചെറുകിട ജലസേചനത്തെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-I ലും IV-ലും ഉൾപ്പെടുത്തിയിട്ടുണ്ട്.*

പാറ്റൂർ കുടിവെള്ള പദ്ധതിയുടെ പുരോഗതി

105 (555) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പതിനഞ്ച് വർഷത്തോളമായി മുടങ്ങിക്കിടന്നതും എൽ.ഐ.സി. ഉപേക്ഷിച്ച് പോയതുമായ ആലപ്പുഴ ജില്ലയിലെ നൂറനാട്-പാറ്റൂർ കുടിവെള്ളപദ്ധതി നിർമ്മാണം പുരോഗമിച്ചുവരവെ ആയത് നിർത്തിവച്ചിരിക്കുന്നതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരം കുടിവെള്ളപദ്ധതികൾ അനന്തമായി നീണ്ടുപോകുന്നതിനുള്ള കാരണം വിശദമാക്കുമോ ; ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ ;

(സി) നൂറനാട്-പാറ്റൂർ കുടിവെള്ളപദ്ധതി തടസ്സങ്ങൾ നീക്കി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) എ.ആർ.പി.- (ARP)-യിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതിയുടെ പണികൾ പുരോഗമിച്ചുവരുന്നു. പണികൾ നിർത്തിവച്ചിട്ടില്ല. ടാങ്കുകളുടേയും പമ്പിംഗ് ലൈനുകളുടേയും ടെണ്ടർ ക്ഷണിച്ചിരുന്നുവെങ്കിലും ഉയർന്ന തുക കോട്ട് ചെയ്തതിനാൽ ദർഘാസ് റദ്ദാക്കി പുനർ ദർഘാസ് ക്ഷണിക്കുന്നതിനായി 2010 SOR അനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. റാ വാട്ടർ പമ്പിംഗ് മെയിനിന്റെ 70%-വും ശുദ്ധീകരണശാലയുടെ 85%-വും പൂർത്തീകരിച്ചു.

പണി പുരോഗമിച്ചുവരുന്ന ചുനക്കര നൂറനാട് പാലമേൽ വില്ലേജുകൾക്കുവേണ്ടിയുള്ള പദ്ധതിയുടെ പൂർത്തീകരണത്തിനായി പാലമേൽ താമരക്കുളം പഞ്ചായത്തുകൾക്കു വേണ്ടിയുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതിക്ക് 5-6-2010-ലെ എസ്.എൽ.എസ്.എസ്.സി. (SLSSC)-ൽ 780 ലക്ഷം രൂപയ്ക്ക് അനുമതി ലഭിച്ചിട്ടുണ്ട്.

(ബി) സ്ഥലം ലഭ്യമാക്കുന്നതിനുള്ള കാലതാമസവും കൂടാതെ ലഭ്യതയുടേയും, കോട്ട് ചെയ്ത തുക വളരെ കൂടുതൽ ആയതിനാൽ ടെണ്ടറിന് അനുമതി നൽകാൻ കഴിയാത്തതുമാണ് പദ്ധതികൾ അനന്തമായി നീണ്ടുപോകാൻ കാരണം. ഇത് പരിഹരിക്കുന്നതിനായി പുനർ ദർഘാസ് വിളിക്കുന്നതിനുവേണ്ടി 2010-ലെ നിരക്ക് പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly